(ഡി) പനിബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) എങ്കിൽ എത്രയാണ് ധനസഹായം എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ പനിബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്കും മരണപ്പെട്ടവരുടെ കുടുംബത്തിനും ധനസഹായം നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് പേർ.

(ബി) 71 കേസുകൾ.

(സി) ഡി.ഡി.റ്റി., ജേയ്റ്റെക്സ്, ഇജ്റോ എന്നിവ ഉപയോഗിച്ച് കൊതുകളേയും കൂത്താടികളേയും നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. സന്നദ്ധ സംഘടനകൾ, മഹിളാ സ്വസ്ത് സംഘ്, സാക്ഷരതാ പ്രവർത്തകർ, അംഗൻവാടി, ആരോഗ്യപ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന സ്കാഡുകൾ രൂപീകരിച്ച് കൊതുകുനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഫോഗിംഗ് നടത്തി. മെഡിക്കൽ ക്യാംപുകൾ, പ്രത്യേക പനി ക്ലിനിക്കുകൾ എന്നിവയും മൈക്ക് പ്രചരണം, നോട്ടീസ് വിതരണം, ഗൃഹസന്ദർശനം വഴിയുള്ള ബോധവൽക്കരണം എന്നീ പരിപാടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

161 (4596) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ടെന്നും വിശദീകരിക്കാമോ ;

(ബി) ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാത്തതുമൂലം രോഗികകൾ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്പെഷ്യാലിറ്റി യൂണിറ്റ് അനുവദിച്ച് ഓരോ യൂണിറ്റിലും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ 19 ഡോക്ടർമാരുടെ തസ്തികയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അതിൽ 17 പേരുടെ സേവനം ഇപ്പോൾ ലഭ്യമാണ്.

(ബി&സി) ഇല്ല. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിലും ലഭ്യത അനുസരിച്ച് ഡോക്ടർമാരെ നിയമിച്ചുവരുന്നു.

ബിനാമി പേരിൽ ഭൂമി ഇടപാടുകൾ ഒഴിവാക്കുന്നതിന് നടപടി

162 (4597) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കോവളം ബൈപാസ് റോഡിനിരുവശത്തുമുള്ള ഭൂമി ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്നതാണ് എന്നറിയിക്കുമോ ;

(ബി) ഈ പ്രദേശത്ത് 2000 ജനുവരി ഒന്നു മുതൽ 2003 ജൂലൈ 10 വരെ എത്ര ഭൂമിസംബന്ധമായ ക്രയവിക്രയങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമിമേഖലയിലെ വസ്തുക്കളെ ബാധിക്കുന്ന ക്രയവിക്രയങ്ങൾ മറ്റ് രജിസ്ട്രാർ ഓഫീസുകളിൽ മേൽകാലയളവിൽ നടന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി എത്ര ആധാരങ്ങളിലായി രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നറിയിക്കുമോ ;

(ഇ) കഴക്കൂട്ടം-കോവളം ബൈപാസ് റോഡ് പ്രദേശത്തെ രജിസ്ട്രാർ ഓഫീസുകളിൽ അമ്പതു സെന്റിൽ കൂടുതൽ ഭൂമി ഉൾപ്പെടുന്ന എത്ര ആധാരങ്ങൾ 2000 ജനുവരി-2003 ജൂലൈ 10 കാലയളവിൽ നടന്നിട്ടുണ്ടെന്നറിയിക്കുമോ ;

(എഫ്) ഇതിൽ ഒരേക്കറിൽ കൂടുതൽ ഭൂമിയുടെ ക്രയവിക്രയം നടന്നത് ഏത് രജിസ്ട്രാർ ഓഫീസുകളിൽ വച്ചാണെന്ന് വ്യക്തമാക്കുമോ ;

(ജി) ബിനാമി പേരിൽ ഭൂമി ഇടപാടുകൾ ഒഴിവാക്കുന്നതിനായി റേഷൻ കാർഡ് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഐഡന്റിറ്റി കാർഡ് എന്നിവകൂടി ആധാരങ്ങളിൽ പരാമർശിക്കുന്നത് പരിശോധിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly